# ലൈംഗിക വിദ്യാഭ്യാസത്തിന്റെ അനിവാര്യത

എം. എം. അക്ബർ

ലൈംഗികത ഏറെ ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. വിവാഹേതര ലൈംഗിക ബന്ധങ്ങൾ അത്ര എതിർക്കപ്പെടേണ്ട കാര്യമല്ലെന്ന നിലയ്ക്കാണ് ചർച്ചകൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. കൊച്ചിയടക്കമുള്ള ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളെ കേന്ദ്രമാക്കി രണ്ടു വൻകിട ആനുകാലികങ്ങൾ നടത്തിയ സർവ്വെ വെളിപ്പെടുത്തുന്നത്, വിവാഹവും ലൈംഗികതയും രണ്ടായി കാണണമെന്നതാണ് പുതിയ തലമുറയുടെ അഭിപ്രായമെന്നാണ്. പ്രത്യുൽപാദനത്തിലും മക്കൾക്ക് വളരുവാനുള്ള സാഹചര്യമൊരുക്കുന്നതിലും ഒതുങ്ങി നിൽക്കുന്ന സ്ഥാപനമായി കുടുംബം മാറണമെന്നും ലൈംഗികാസ്വാദനത്തിന് പ്രസ്തുത സ്ഥാപനം വിലങ്ങുതടിയായിക്കൂടെന്നുമുള്ള വാദം പരസ്യമായിത്തന്നെ 'സാംസ്കാരിക' പ്രസിദ്ധീകരണങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. കുറഞ്ഞ കാലത്തിനുള്ളിൽ ഏറ്റവുമധികം പേർ വായിച്ച മലയാള പുസ്തകമെന്ന ഖ്യാതിയിലേക്ക് ഒരു 'ലൈംഗികത്തൊഴിലാളി'യുടെ ആത്മകഥ നടന്നടുത്തുകൊണ്ടിരിക്കുന്നു. ഭാര്യമാർ അനുഭവിക്കുന്നതിനെക്കാൾ സ്വാതന്ത്ര്യവും വിമോചനവുമനുഭവിക്കുന്നത് തങ്ങളാണെന്ന് തുറന്നെഴുതുന്ന അഭിസാരികകൾക്ക് മുഖ്യധാരാ ആനുകാലിങ്ങൾ തന്നെ സ്ഥിരം കോളം പതിച്ചു നൽകുന്നു. സെക്സ് ടൂറിസത്തിന്റെ 'സ്വർഗ'മാക്കി കേരളത്തെ മാറ്റുവാനുള്ള 'ദാർശനിക' ചർച്ചകൾക്കും പ്രായോഗിക നടപടികൾക്കും പിന്നിൽ ആരാണെന്ന വസ്തുത ആർക്കും രഹസ്യമല്ല. ആഗോളീകരണത്തോടനുബന്ധിച്ച വാണിജ്യവത്കരണ ചിന്തകളിൽ 'എങ്ങനെ വിൽക്കാം' എന്നതു മാത്രമാണല്ലോ കടന്നു വരുന്നത്. വിൽക്കപ്പെടുന്നത് അമ്മയാണോ പെങ്ങളാണോയെന്നൊന്നും നോക്കുവാൻ 'നിലനിൽപി'ന് വേണ്ടി സമരം ചെയ്യുന്നവർക്ക് നേരമില്ല.

ലൈംഗികതയെക്കുറിച്ച ചർച്ചകളിൽ പ്രതിയാക്കപ്പെടുന്നത് പ്രധാനമായും മതം തന്നെയാണ്. ബ്രഹ്മചര്യത്തിന് വിലക്കു കൽപിച്ച ഇസ്ലാമികാദർശം,ആത്മീയതയുടെ പേരിൽ ലൈംഗികതയെ വിലക്കിയ മതങ്ങൾ വിമർശിക്കപ്പെടുമ്പോൾ പ്രതിയാക്കപ്പെടാൻ തീരെ യോഗ്യമല്ലെന്നതാണ് വാസ്തവം. എങ്കിലും ഇത്തരം ചർച്ചകളിലെല്ലാം പ്രധാനമായും ഭത്സിക്കപ്പെടുന്നത് ഇസ്ലാം തന്നെയാണെന്നതാണ് സത്യം. മതത്തിന്റേതായി 'സെക്കുലർ ലോകം' കണക്കാക്കി തിട്ടപ്പെടുത്തിയ തിന്മകളെല്ലാം അതിന്റെ പൂർണവും ഭീബൽസവുമായ രൂപത്തിൽ നിലനിൽക്കുന്നത് ഇസ്ലാമിലാണെന്ന 'വാർപ്പുമാതൃക'യിൽ നിന്നുകൊണ്ടാണ് സാഹിത്യ-ബുദ്ധിജീവികൾ കാര്യങ്ങൾ വിലയിരുത്തുന്നത്. ചെന്നായയെ വകവരുത്തുകയല്ല, പ്രത്യുത ചെന്നായയെന്ന് വിളിച്ച് ആട്ടിൻകുട്ടിയെ ഇരയാക്കുകയാണല്ലോ പുലിയുടെ ലക്ഷ്യം.

ലൈംഗികതയെ ഏറെ സൃഷ്ടിപരവും മാനവികവുമായി വിലയിരുത്തുന്ന ദർശനമാണ് ഇസ്ലാം. തന്റെ ഇണയുമൊത്ത് രതിസുഖം പങ്കുവെക്കുന്നത് സർവശക്തന്റെ പ്രതിഫലത്തിന് പാത്രമാകുന്ന പ്രവർത്തനങ്ങളിൽ ഒന്നാണെന്ന് പഠിപ്പിച്ചയാളാണ് മുഹമ്മദ് നബി (സ). ഈ രംഗത്തെ ഇസ്ലാമിക നിർദേശങ്ങൾ നൂറ് ശതമാനം മാനവികമാണെന്നതാണ് വാസ്തവം. ആധുനികലൈംഗിക ശാസ്ത്രജ്ഞന്മാർ ഏറെ നാളത്തെ ഗവേഷണ പഠനങ്ങൾക്കു ശേഷം നൽകുന്ന ലൈംഗിക നിർദേശങ്ങൾ നൂറ്റാണ്ടുകൾക്കു മുമ്പ് പ്രവാചകൻ (സ) നൽകിയ നിർദേശങ്ങൾ തന്നെയാണെന്ന് കാണാൻ കഴിയും. ഹദീഥ് ഗ്രന്ഥങ്ങളും കർമശാസ്ത്ര ഗ്രന്ഥങ്ങളുമെല്ലാം ലൈംഗികതയെപ്പറ്റി വ്യാപകമായിത്തന്നെ ചർച്ച ചെയ്യുന്നുണ്ട്. ലൈംഗികതയുമായി ബന്ധപ്പെട്ട ഇന്നത്തെ ചർച്ചകൾ സൂക്ഷ്മമായി അപഗ്രഥിച്ചാൽ നമുക്ക് മനസ്സിലാകും, പ്രവാചകൻ(സ) പഠിപ്പിച്ച ചിട്ടകളും മര്യാദകളും പാലിക്കാത്തതാണ് ഈ രംഗത്തെ പ്രശ്നങ്ങൾക്കെല്ലാമുള്ള മൂലകാരണമെന്ന് .

ലൈംഗിക ദാരിദ്ര്യം സൃഷ്ടിക്കുന്ന മാനസിക- സാമൂഹിക പ്രശ്നങ്ങളെ നേരിടാൻ ലൈംഗിക വിദ്യാഭ്യാസം നൽകണമെന്ന നിർദേശം വ്യാപകമായി ഉയർന്നു കേൾക്കുന്നുണ്ട്. വളരെ സ്വാഗതാർഹമായ ഒരു നിർദേശമാണിതെന്ന് ഒറ്റനോട്ടത്തിൽ തോന്നുക സ്വാഭാവികമാണ്. പക്ഷേ, സെക്സ് എഡ്യൂക്കേഷന്റെ പേരിൽ സ്വതന്ത്ര ലൈംഗികതയുടെ പാഠങ്ങളാണ് ഇളംതലമുറയെ അഭ്യസിപ്പിക്കുവാൻ 'സാംസ്കാരിക കേരളം' ഒരുങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ആനുകാലികങ്ങൾ വായിക്കുന്ന ആർക്കും ബോധ്യമാകും. ലൈംഗിക വിദ്യഭ്യാസം ആവശ്യമാണെന്ന വസ്തുത അംഗീകരിക്കുമ്പോൾ തന്നെ അത് ആര്, എങ്ങനെ, ഏത് അടിത്തറയി

ൽ നൽകുമെന്ന കാര്യം സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കേണ്ടതാണ്. ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം, ലൈംഗിക വിദ്യഭ്യാസം നേടാൻ 'സെക്യുലർ ഗുരു'ക്കളെ ആശ്രയിക്കേണ്ട യാതൊരു ആവശ്യവുമില്ല. പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പ് പ്രവാചകൻ(സ) തന്നെ ഈ രംഗത്ത് ആവശ്യമായ അറിവ് നമുക്ക് പകർന്നു തന്നിട്ടുണ്ട്. പ്രസ്തുത അറിവ് നമ്മുടെ തലമുറക്ക് മനസ്സിലാകുന്ന രീതിയിൽ പകർന്നു നൽകുകയാണ് പണ്ഡിതന്മാരും പ്രബോധകന്മാരും ചെയ്യേണ്ടത്. പ്രസ്തുത ബാധ്യത ഏറ്റെടുക്കുവാൻ ഉത്തരവാദപ്പെട്ടവർ സന്നദ്ധരായില്ലെങ്കിൽ 'സ്വതന്ത്ര ലൈംഗികത'യുടെ വക്താക്കളായിത്തീരും പിന്നെ ഈ രംഗത്തെ മാർഗദർശികൾ. അവരുടെ 'മാർഗദർശന'മാണ് പാശ്ചാത്യ നാടുകളിൽനിന്നു തുടങ്ങി നമ്മുടെ മെട്രോ പോളിറ്റൻ നഗരങ്ങളെ വരെ ഇന്നു കാണുന്ന അവസ്ഥയിലാക്കിയത്. അധാർമികതയുടെ അടിയൊഴുക്കിൽ നിന്ന് അടുത്ത തലമുറയെ രക്ഷിക്കണമെങ്കിൽ ഇസ്‌ലാമികമായ ലൈംഗിക വിദ്യാഭ്യാസം നൽകിയേ തീരൂ. അതിന്നാവശ്യമായ ശക്തമായ കാൽവെപ്പുകളാണ് ഇന്നാവശ്യം. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീൻ).